പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1801 — 06.03.2017 ൽ മറുപടിക്ക്

## ഇൻഷ്വറൻസ് ഇല്ലാത്ത വാഹനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.റോജി എം. ജോൺ: | | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) ഇൻഷ്വറൻസ് ഇല്ലാത്ത വാഹനങ്ങൾ പിടിച്ചെടുക്കണമെന്ന് റോഡ് സുരക്ഷയ്ക്കായുള്ള സുപ്രീംകോടതി സമിതി നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതനുസരിച്ച് 2017 ജനുവരി 31 വരെ എത്ര വാഹനങ്ങൾ പിടിച്ചെടുത്തുവെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്.<br>ബഹു.സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷാ കമ്മിറ്റിയുടെ ഉത്തരവ് പോലീസ്, മോട്ടോർ വാഹന വകുപ്പുകൾക്ക് അയച്ചു കൊടുത്തിട്ടുണ്ട്.<br>റോഡ് സുരക്ഷയ്ക്കുള്ള സുപ്രീംകോടതി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഇൻഷ്വറൻസ് ഇല്ലാത്ത വാഹനങ്ങൾ പിടിച്ചെടുക്കുവാനായി 14.02.2017 ലാണ് നിർദ്ദേശം നൽകിയത്. ആയതിനാൽ ജനുവരി 2017, 31 വരെ സുപ്രീംകോടതി കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് വാഹനങ്ങൾ പിടിച്ചെടുത്തിട്ടില്ല. |
| (ബി) അപകടം വരുത്തുന്ന വാഹനങ്ങൾ കണ്ടെത്താനാവാതെ അപകടത്തിനിരയാകുന്നവർ നഷ്ടപരിഹാരം ലഭിക്കുവാൻ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) ഉണ്ടെങ്കിൽ വാഹനങ്ങൾ പരിശോധിക്കുന്ന വേളയിൽ വാഹനത്തിന്റെ ഇൻഷ്വറൻസ് രേഖകൾ ഉറപ്പുവരുത്തുവാൻ കർശന നിർദ്ദേശം നൽകുമോ? | (സി) | നിർദ്ദേശം നൽകിയിട്ടുണ്ട്.<br>മോട്ടോർ വാഹന വകുപ്പിന്റെ വാഹന പരിശോധനാ വേളയിൽ സാധുവായ ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടോ എന്ന് പരിശോധിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ